This Question Paper consists of 34 questions and 7 Printed pages.·

ഈ ചോദ്യപേപ്പറിൽ 34 ചോദ്യങ്ങളും, 7 അച്ചടിച്ച പുറങ്ങളും ഉണ്ട്.

Roll No.
റോൾ നമ്പർ

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |

Code No. **60/SS/A/MM**
കോഡ് നമ്പർ

**Set A**

# MALAYALAM
# മലയാളം
# (343)

**Day and Date of Examination**

(പരീക്ഷാ ദിവസവും തീയതിയും)————————————

**Signature of Invigilators**

(മേൽനോട്ടക്കാരന്റെ ഒപ്പ്) **1.** ____________________

**2.** ____________________

**പൊതുവായ നിർദ്ദേശങ്ങൾ:**

1. പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.
2. ആദ്യപേജിൽ പ്രിന്റു ചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിന്റുചെയ്തിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.
3. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് (A), (B), (C), (D) എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് ഉത്തര പുസ്തകത്തിൽ എഴുതേണ്ടതാണ്.
4. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.
5. ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്കത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.
6. ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **60/SS/A/MM-A** എഴുതേണ്ടതാണ്.

# MALAYALAM
# മലയാളം
# (343)

[ Time : 3 Hours ] [ Maximum Marks : 100 ]

[സമയം : 3 മണിക്കൂർ ] [ മാർക്ക് : 100 ]

**നിർദ്ദേശങ്ങൾ:**

(i) എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം

(ii) ഒന്നു മുതൽ പത്തു വരെ ചോദ്യങ്ങൾക്ക് (A), (B), (C), (D) എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതിയാൽ മതിയാകും.

**1.** ഭൂരിശ്രവാവിന്റെ പത്നി കരയുന്നതെങ്ങനെ? **[1]**

(A) മണ്ണിൽ വീണുരുണ്ട്

(B) മാറത്തടിച്ചു നിലവിളിച്ചുകൊണ്ട്

(C) വർധിച്ച ദുഃഖത്തോടെ കരം മടിയിൽ ചേർത്തുകൊണ്ട്

(D) തലയിലടിച്ചുകൊണ്ട്

**2.** 'കുട്ടികൾക്ക് ഉതുപ്പാന്റെ കിണർ കളിക്കോപ്പുമാത്രമായിരുന്നു' എന്നു സൂചിപ്പിക്കുന്ന പ്രവൃത്തി എന്ത്? **[1]**

(A) ചപ്പുംചവറും ഇട്ടു

(B) വെള്ളംകോരി കുളിച്ചു

(C) വെള്ളം കോരി കുടിച്ചു

(D) തൊട്ടിയും കപ്പിയും മോഷ്ടിച്ചു

**3.** താഴെക്കൊടുത്തിരിക്കുന്നതിൽ ജ്ഞാനപീഠപുരസ്കാരം നേടിയ സാഹിത്യകാരൻ ആര്? **[1]**

(A) ഇടശ്ശേരി ഗോവിന്ദൻ നായർ

(B) എം.ടി. വാസുദേവൻ നായർ

(C) ടി. പത്മനാഭൻ

(D) സുഗതകുമാരി

4. ‘അജഗജാന്തരം’ എന്ന കഥയിൽ നാണുക്കുട്ടി ആടിനിട്ട പേരെന്ത്? **[1]**

(A) അജം

(B) അജസുന്ദരി

(C) നങ്ങേമ

(D) പാർവതി

5. ‘പൊന്നുരുക്കുകയാണ് പൂച്ചേ’ എന്ന കഥയിലെ പൂച്ച ആര്? **[1]**

(A) ഗോപാലൻ നായർ

(B) അച്ഛൻ

(C) വാസുദേവൻ

(D) അമ്മാളു

6. കഥാപാത്രനിരൂപണത്തിന്റെ ആമുഖത്തിൽ പ്രധാനമായി ഉൾപ്പെടുത്താനുള്ളത് എന്ത്? **[1]**

(A) കഥ സാമാന്യമായി പരിചയപ്പെടൽ

(B) കഥാപാത്രങ്ങളുടെ സംഭാഷണം

(C) കഥാഗതിയുടെ പുരോഗതി

(D) കഥാപാത്രത്തിന്റെ നിലപാട്

7. പ്രർഥനയിൽ വെള്ളായിയപ്പന്റെ ദുഃഖം സ്വന്തം ദുഃഖമായി ഏറ്റെടുക്കുന്ന മനുഷ്യ സ്നേഹിയായ കഥാപാത്രം ആര്? **[1]**

(A) കുഞ്ഞുണ്ണി

(B) പാറാവുകാരൻ

(C) കുട്ടിസ്സൻ പിള്ള

(D) നീലി

8. ‘ശോണിതം’ എന്ന പദത്തിന്റെ അർഥമെന്ത്? **[1]**

(A) ചുമപ്പ്

(B) വിയർപ്പ്

(C) ചോര

(D) മുക്കൂത്തി

**9.** പൂതപ്പാറയിലെ ലേഖകന്റെ വീടിന്റെ പേരെന്ത്? **[1]**

(A) സുകുമാരഭവനം

(B) നിത്യാനന്ദാലയം

(C) മഹാത്മാനിലയം

(D) അയൽവീട്

**10.** ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ അതിശക്തമായ മാധ്യമമായി മാറിയത് ഏത്? **[1]**

(A) പത്രം

(B) മൊബൈൽ

(C) ടെലിവിഷൻ

(D) ഇന്റർ നെറ്റ്

**11.** ആട്ടവും പാട്ടുമായി കഴിഞ്ഞിരുന്ന യവന നാടകത്തെ ലോകോത്തര കലയാക്കി മാറ്റിയ ഒരു നാടകകൃത്തിന്റെ പേരെഴുതുക. **[1]**

**12.** തകരത്തമ്പുരാൻ കഥയുടെ വ്യാഖ്യാനത്തിൽ കടന്നുവരുന്ന ഒരു 'ചെറുവെളിച്ച' ത്തിന്റെ പേരെഴുതുക. **[1]**

**13.** 'മാറത്തെ മുവിഴനൂലിൽ വലംവിരൽ നാലഞ്ചുവട്ടം ചലിച്ചു' - ഈ വരികളിലെ ഭാവം എന്ത്? **[1]**

**14.** ആനകളുടെ പരിപാലനം വിവരിക്കുന്ന ഗ്രന്ഥത്തിന്റെ പേരെന്ത്? **[1]**

**15.** കുഞ്ഞിളങ്കാറ്റ് എന്നത് പിരിച്ചെഴുതുക? **[1]**

**16.** ഉതുപ്പാൻ കിണറ്റുവക്കത്തു ചെയ്ത പരിഷ്ക്കാരങ്ങൾ എന്തെല്ലാം? **[2]**

17. കുമാരനാശാൻ മിന്നാമിനുങ്ങിനെപ്പറ്റി ഉണ്ടാക്കിയ കടങ്കഥ ഏത്? [2]

18. കണ്ണാന്തളിപ്പൂക്കളുടെ പ്രത്യേകതകൾ എന്തെല്ലാം? [2]

19. ഇന്നും നക്ഷത്രങ്ങളിൽ ദൃശ്യമാകുന്ന നടുക്കം എന്തിനെ സൂചിപ്പിക്കുന്നു? [2]

20. കൃഷ്ണന് നന്ദനെയും യശോദയെയും മറക്കാനേ കഴിയില്ല-കാരണമെന്ത്? [2]

21. ശിശുഭാവന പ്രതിഫലിക്കുന്ന കടങ്കഥകൾക്ക് രണ്ട് ഉദാഹരണങ്ങൾ എഴുതുക [3]

22. കലാകാരന്മാരെ അനുഗൃഹീതരെന്നും അമാനുഷ പ്രഭാവന്മാരെന്നും വിളിക്കുന്നതെന്തുകൊണ്ട്? [3]

23. 'അന്തിത്തിരി' പുതുതലമുറയ്ക്കു നൽകുന്ന വിശ്വാസവും പ്രത്യാശയും വിശദമാക്കുക[3]

24. 'ഗാന്ധാരീ വിലാപ'ത്തിലെ അമ്മയും 'ഒന്നുരണ്ടുമൂന്ന്' എന്ന കവിതയിലെ അമ്മയും തമ്മിലുള്ള സാദൃശ്യവും വ്യത്യാസവും വ്യക്തമാക്കുക. [3]

25. കാടിന്റെ മനോഹാരിത 'വിട്ടയയ്ക്കുക' എന്ന പാഠഭാഗത്തിലെ കിളി എപ്രകാരമാണ് വിശദീകരിക്കുന്നത്? [3]

26. 'കടൽത്തീരത്ത്' എന്ന ശീർഷകത്തിന്റെ ഔചിത്യം വിശദമാക്കി കുറിപ്പ് തയ്യാറാക്കുക. [5]

27. 'ശ്രീഭഗവതി' എന്ന കഥയിലെ ഭാര്യ എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്ത് കഥാപാത്രനിരൂപണം തയ്യാറാക്കുക. [5]

**28.** 'വിശ്വസ്തതയുടെയും സ്നേഹത്തിന്റെയും ആൾരൂപമാണ് 'സബർമതി ദൂരെയാണ്' എന്ന നാടകത്തിലെ തേവൻ' - വിലയിരുത്തൽ കുറിപ്പു തയ്യാറാക്കുക. **[5]**

**29.** 'തകരത്തമ്പുരാൻ' എന്ന പദപ്രയോഗത്തിന്റെ ഔചിത്യം വിശദമാക്കുക. **[5]**

**30.** സ്ത്രീകളോടുള്ള കൃഷ്ണന്റെ കൃപയും കാരുണ്യവും 'അന്നത്തെ പുണ്യം' എന്ന പാഠഭാഗത്ത് സൂചിപ്പിക്കുന്നതെങ്ങനെ? വിശദമാക്കുക. **[5]**

**31.** വാർധക്യം രണ്ടാം ബാല്യമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? കർണപർവം എന്ന കഥ വിലയിരുത്തി കുറിപ്പു തയ്യാറാക്കുക. **[5]**

**32.** 'ജനങ്ങളുടെ പ്രശ്നങ്ങൾ ജനകീയ ഭാഷയിൽ അവതരിപ്പിച്ചുകൊണ്ടാണ് നമ്പ്യാർ ജനകീയ കവി ആയത്'. 'കാലനില്ലാത്തകാലം' എന്ന പാഠഭാഗം വിലയിരുത്തി പ്രസ്താവന സമർത്ഥിച്ചുകൊണ്ട് ഉപന്യാസം തയ്യാറാക്കുക. **[10]**

അല്ലെങ്കിൽ

ഗാന്ധാരി വിലാപം എന്ന പാഠഭാഗത്തെ വിശകലനം ചെയ്ത് എഴുത്തച്ഛന്റെ കവിതയുടെ സവിശേഷതകകളെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.

**33.** 'ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്' എന്ന കൃതിയെ അടിസ്ഥാനപ്പെടുത്തി ബഷീറിന്റെ കഥാശൈലിയെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക. **[10]**

അല്ലെങ്കിൽ

മനുഷ്യപുത്രി എന്ന കഥയിലെ ഗോവിന്ദൻകുട്ടിയുടെയും കുഞ്ഞാത്തലമ്മയുടെയും ഇപ്പോഴത്തെ ജീവിതാവസ്ഥകൾ വിശകലനം ചെയ്ത് കേരളത്തിന്റെ സാമൂഹ്യമാറ്റം മനുഷ്യജീവിതാവസ്ഥയിലുണ്ടാക്കിയ ചലനങ്ങളെ അടിസ്ഥാനമാക്കി ഒരു ഉപന്യാസം തയ്യാറാക്കുക.

34. സമൂഹത്തിന്റെ കെട്ടുറപ്പിനും പുരോഗതിക്കും അയൽപക്കബന്ധങ്ങൾ അനിവാര്യമാണെന്ന ലേഖകന്റെ അഭിപ്രായത്തെ 'അയൽപക്കം എന്ന ഉപനിഷത്ത്' എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി സാധൂകരിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക. [10]

അല്ലെങ്കിൽ

ഏതു തൊഴിൽ ചെയ്യുന്നവർക്കും ഉപജീവനത്തിനപ്പുറം സമൂഹത്തോട് പ്രതിബദ്ധത കൂടി ഉണ്ടാകേണ്ടതുണ്ട് എന്ന സന്ദേശം 'പുകമറയ്ക്കപ്പുറം കാണുന്നത്' എന്ന പാഠഭാഗത്ത് ലേഖകൻ വരച്ചു കാണിക്കുന്നു. ഈ പ്രസ്താവനയെ പാഠഭാഗവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്ത്, ഉപന്യാസം തയ്യാറാക്കുക.

●●●